തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 63,000 രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പണി താമസംവിനാ നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

191 (2507) പാറശ്ശാല സർക്കാർ ആശുപത്രിയിലെ പുതിയ വാർഡ്

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല സർക്കാർ ആശുപത്രിയിൽ 50 കിടക്കകളുള്ള വാർഡിന്റെ പണി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാർഡിന് ആവശ്യമായ സ്റ്റാഫ്, ഫർണിച്ചർ, മറ്റ് സൗകര്യങ്ങൾ എന്നിവ അനുവദിച്ച് ഇക്കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക നിയന്ത്രണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഉണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഫർണിച്ചറും മറ്റും അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

192 (2508) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുന്നതിന് നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്ത് താമസം ഉണ്ടാകും;

(സി) ഇത് എപ്പോൾ ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഇപ്പോൾ ഫസ്റ്റ് റഫറൽ ആശുപത്രി ആണ്. അവിടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

193 (2509) തിരുവല്ല താലൂക്ക് ഗവണ്മെന്റ് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly